(ബി) 836 പേർ.

(സി) 49 പേർ.

കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റുമാരുടെ നിയമനം

1316 [2347] ശ്രീമതി ഗൗരിഭവി തങ്കപ്പൻ:
ശ്രീ. കെ.പി. പ്രഭാകരൻ:
,, പി. കുമാരൻ:
,, കെ.ടി. കുമാരൻ:
ഡോ. എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റ് മുഖേന വർക്ക് അസിസ്റ്റന്റായി നിയമിക്കുന്നതിനു പി.എസ്.സി. എത്ര പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർക്ക് അഡ്വൈസ് മെമ്മോകൾ അയച്ചിട്ടുണ്ട്; എത്ര പേരെ നിയമിച്ചു;

(സി) ഈ ലിസ്റ്റിലുള്ളവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2–5–1986–ൽ പ്രസിദ്ധീകരിച്ച വർക്ക് അസിസ്റ്റന്റുകൾ.

(ഐ.ടി.ഐ.) ഹോൾഡേഴ്സ് 194 പേർ

28–2–1986–ൽ പ്രസിദ്ധീകരിച്ച വർക്ക് അസിസ്റ്റന്റുകൾ (നോൺ ഐ.ടി.ഐ.) 257 പേർ

451 പേർ

(ബി) 220 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചു. അതിൽ 132 പേരെ നിയമിച്ചു.

(സി) കോടതി വിലക്ക് നിലവിലുള്ളതിനാൽ ഇവരെ നിയമിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

റിസർവ് കണ്ടക്ടേഴ്സിന്റെ റാങ്ക് ലിസ്റ്റ്

1317 [2348] ശ്രീ. എം. എം. ഹസ്സൻ:
,, പന്തളം സുധാകരൻ:
,, കെ. മുഹമ്മദാലി:
,, പി. പി. തങ്കച്ചൻ: താഴെക്കാണുന്ന ചോദ്യത്തിനു ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. യിൽ റിസർവ്വ് കണ്ടക്ടേഴ്സ് നിയമനത്തിനായി 1–2–1985–ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly